"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - നൂമാഹി ഗ്രാമപഞ്ചായത്ത് - കനിയിൽ എൽ.പി. സ്കൂൾ കുടിവെള്ള പദ്ധതിയുടെ മോട്ടോർ അറ്റകുറ്റപ്പണി വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.65/2022/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 18.12.2021 ലെ യോഗത്തിലെ 4.9 നമ്പർ തീരുമാനം.

**ഉത്തരവ്**

കനിയിൽ എൽ.പി. സ്കൂൾ കുടിവെള്ള പദ്ധതി ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടത്തിൽ നിർമ്മാണം നടത്തിയതാണ്. ഗുണഭോക്തൃസമിതിക്കു പരിപാലന ചുമതല കൈമാറിയിരുന്ന ഈ കുടിവെള്ള പദ്ധതിയുടെ മോട്ടോർ കത്തി നശിച്ചു. റെയിൽവേ ലൈൻ ഈ പ്രദേശത്തുകൂടി കടന്നുപോകുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണം ഇവിടെയില്ല. പ്രദേശവാസികൾക്ക് പദ്ധതിയിലൂടെയാണ് കുടിവെള്ളം കിട്ടുന്നത്. ഗുണഭോക്താക്കളിൽ മിക്കവരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായതിനാൽ ഇതിന്റെ അറ്റകുറ്റപ്പണി പഞ്ചായത്തു വഹിക്കണമെന്ന് ഗുണഭോക്തൃ കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശത്തിലെ കോ ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് (പ്രോ. നം. 171/22) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി / പ്രസിഡന്റ്, നൂമാഹി ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

✓ എക്സിക്യൂട്ടീവ് ചെയർമാൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.